9-ാം വർഷം

2026

ഏപ്രിൽ 2, വ്യാഴം

പെസഹാവ്യാഴം

Laity Reflect on

Syro-Malabar Sunday Mass

SCRIPTURE READINGS



ക്രിസ്തുവിനോളം ഉയരുന്ന പെസഹാ

പുറപ്പാട് 12: 1-8, 21-28, എസെക്കിയേൽ - 45:18-25

1 കൊറി 5: 6-8, 11: 23-30, ലൂക്കാ : 22: 7-13

ഓർമ്മകൾക്ക് ഓർമ്മകളുടെ പ്രായം ഇല്ലാത്ത ഒരു കാലം - പ്ലസ്-2 പഠന കാലം - ആ വർഷം വലിയ നോമ്പ് അതിന്റെ പാരമ്യത്തിൽ ആണ്. അങ്ങനെ പറയാൻ കാരണം വേറൊന്നുമല്ല - അന്ന് ഇന്നത്തെ പോലെ നേരമോ കാലമോ നോക്കാതെ ഷവർമ്മ കഴിക്കുന്ന, കുഴി മന്തി മുന്തിയ ഭക്ഷണമാണെന്നു കേട്ടിട്ടുള്ള കാലമല്ല. മറിച്ച് വിളമ്പുന്നത്, വിളമ്പുന്നത് മാത്രം, കഴിക്കുന്ന നന്മയുള്ള കൗമാരം. രാവിലെ മിക്ക ദിവസങ്ങളിലും ദിവ്യബലിക്ക് എത്തും, അതും പതിനഞ്ചു മിനിട്ടു മുന്നേ; നടന്നും ഓടിയും സൈക്കിളിലുമെല്ലാം പോയിരുന്ന കാലം. ഇപ്പോൾ കാറും ബൈക്കും എല്ലാം ആയപ്പോൾ നോമ്പ് കാലത്തു പള്ളിയിൽ പോവുന്നതിനു പഴയ സ്പിരിറ്റ് ഇല്ല.

പറഞ്ഞു വരുന്നത് നോമ്പ് കാലത്തെ പെസഹാ വ്യാഴാഴ്ചയെ കുറിച്ചാണ്. അന്ന് രാവിലെ ആറരയുടെ കുർബാനയ്ക്കു പതിവിലും നേരത്തെ 5.45 നു പള്ളിയുടെ സങ്കീർത്തിയിൽ എത്തി, സൈക്കിളിൽ ആണ് വരവ്. സൈക്കിൾ ചവിട്ടുമ്പോൾ വലത്തേകാൽ നിലത്തു കുത്തിയിട്ടില്ല, ചെളിയുമായിട്ടില്ല. കാരണം ആ കാലിനു ഇന്ന് 'ബിഗ് ഡേ' ആണ്. ഒരാഴ്ച മുന്നേ ആണ് അന്നത്തെ വികാരിയച്ചൻ, ഇത്തവണ കാൽ കഴുകുന്നത് അൾത്താരബാലന്മാരുടേതാണ് എന്ന് പ്രഖ്യാപിച്ചത്. സഞ്ജു സാംസൺ 2026 ടിന്റി ടിന്റി ക്വാർട്ടർ ഫൈനൽ കളിക്കുമോ എന്ന് ചിന്തിച്ചതിനപ്പുറം ഞാൻ അന്ന് വേവലാതിപ്പെട്ടിരുന്നു. കാരണം 12 പേരെ ആണ് വേണ്ടത്. പക്ഷെ ഞങ്ങൾ ഇരുപതു കുട്ടികൾ ഉൾപ്പെടുന്ന സംഘം ആണ്. ഒടുവിൽ നറുക്കിട്ടു, യഹൂദ പാരമ്പര്യമോ യഹൂദ ലുക്കോ ഇല്ലാത്ത എനിക്കും നറുക്കു വീണു. അതെ പെസഹാ വ്യാഴാഴ്ച കാൽ കഴുകുന്ന 12 ശിഷ്യരിൽ ഒരാൾ ഈ ഞാൻ തന്നെ! അങ്ങനെ അന്ന് സൈക്കിളിൽ വന്നിറങ്ങുമ്പോൾ ചിന്തകൾ എല്ലാം കാട് കയറി, പള്ളിയുടെ പുറകിൽ ഉള്ള സൈക്കിൾ ഷെഡിൽ എത്തി. പക്ഷെ ചിന്തകൾക്ക് തീ പിടിക്കാൻ അധികം സമയം വേണ്ടല്ലോ - 'ഓ യൂദാസ് എത്തിയല്ലോ' കൂട്ടത്തിൽ ഒരു സുഹൃത്തിന്റെ വക ഒരു കുത്ത്. പക്ഷെ ആത്മാവിന്റെ പ്രചോദനത്താൽ ഞാൻ ഇങ്ങനെ മൊഴിഞ്ഞു, 'അതേടാ നമ്മുടെ പള്ളി യൂദാശ്ലീഹായുടെ പേരിൽ അല്ലെ - ഞാൻ യൂദാസ് തദ്ദേവൂസ് - സ്കറിയോത്തയല്ല.' - കൗണ്ടറിൽ സ്വയം സംതൃപ്തനായി.

അങ്ങനെ പെസഹ തിരുകർമ്മങ്ങൾ ആരംഭിച്ചു, വെള്ള ഷർട്ടും കറുത്ത പാന്റ്സുമാണ് വേഷം - പിന്നെ അന്നത്തേക്കു അത്യാവശ്യമുള്ള രണ്ടു കാലുകളും - അതും തേച്ചു കഴുകി വെളുപ്പിച്ചത്. വികാരിയച്ചനോടൊപ്പം കപ്യാർ ജോയ് ചേട്ടനും ഉണ്ട്. പുള്ളിയുടെ ഒരു കൈയിൽ ജഗ് നിറയെ വെള്ളം, മറ്റേ കൈയിൽ നല്ല മണമുള്ള ഹമാം സോപ്പും. വികാരിയച്ചൻ എന്റെ അടുത്ത് എത്താറായി - കൈകൂപ്പി പ്രാർത്ഥനയോടെ ഞാൻ കാലുകൾ നീട്ടി. അന്ന് ഞാൻ ആദ്യമായി നാളിതുവരെ പഠിച്ച കാറ്റിക്കിസം ടെക്സ്റ്റുകളിൽ കാണാത്ത ക്രിസ്തുവിനെ കണ്ടു. വയലറ്റ് തുണി കൊണ്ട് മറച്ച ക്രൂശിത രൂപത്തിലെ ക്രിസ്തു അതാ എന്റെ മുന്നിൽ മുട്ടുകുത്തി കാല് കഴുകി തുടച്ചു ചുംബിക്കുന്നു - ഒരു 15 കാരന് പറഞ്ഞറിയിക്കാൻ പറ്റാത്ത ക്രിസ്ത്വാനുഭവം. അതെ ക്രിസ്തുവിനോളം എളിമപ്പെട്ട ഒരു മനുഷ്യൻ അന്നും ഇന്നും എന്നും വിരളമാണ്, പക്ഷെ അവൻ ദൈവം ആണെന്ന് തിരിച്ചറിയുമ്പോൾ ഒളിമങ്ങാത്ത ഒരു ചോദ്യം പ്രതിധ്വനിക്കുന്നു - 'ഞാൻ ചെയ്യുന്നത് എന്ത് എന്ന് ഇപ്പോൾ നീ അറിയുന്നില്ല. എന്നാൽ പിന്നീട് അറിയും'

കാൽ കഴുകിയ മനുഷ്യപുത്രൻ - നിത്യാരാധനയിലെ ദൈവപുത്രൻ

ക്രിസ്തുവിനോളം വലിയ മോട്ടിവേഷണൽ സ്പീക്കർ മനുഷ്യകുലം കണ്ടിട്ടില്ല. കുതിരയിൽ എഴുന്നള്ളേണ്ടവൻ കഴുതപ്പുറത്തു ആനയിക്കപ്പെടുന്നു, ശിഷ്യരാൽ കാൽ കഴുകപ്പെടേണ്ടവൻ ശിഷ്യരുടെ കാൽപാദങ്ങൾ കഴുകുന്നു, പ്രത്തോറിയത്തിൽ രാജസിംഹാസനത്തിൽ കാലിന്മേൽ കാൽകയറ്റി ഇരിക്കേണ്ടവൻ അവമാനിതനായി നിറുത്തപ്പെടുന്നു, റോമാ രാജ്യത്തിൻറെ രാജാവായി വാഴിക്കപ്പെടേണ്ടവൻ - കാൽവരിയുടെ വിരിമാറിൽ മൂന്നാണികളിൽ തൂക്കപ്പെടുന്നു. ഒടുവിൽ ഒന്നും ഒന്നിന്റെയും അവസാനമല്ല എന്ന് തെളിയിച്ചുകൊണ്ട് തന്നെ തള്ളിപ്പറഞ്ഞവരുടെയും, മാറ്റിനിറുത്തിയവരുടെയും കണ്ണുകളിൽ പ്രകാശമായി മാറിക്കൊണ്ട് സകല മനുഷ്യരുടെയും രക്ഷയുടെ നിദാനമായ ദിവ്യകാരുണ്യമായി മാറുന്നു.. ഇതിലും വലിയ ഒരു പെസഹായുണ്ടോ - കടന്നു പോകലുണ്ടോ? അതെ പുതിയ നിയമത്തിലെ പെസഹാ - ജീവിതകാലം മുഴുവൻ തോൽവികളും, കുറ്റപ്പെടുത്തലുകളും, മാറ്റിനിറുത്തലുകളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട സകലർക്കും ഉള്ള ഓർമ്മകളുടെ പൂക്കാലമാണ്.

അപ്പം മുറിക്കലും കാൽ കഴുകലും

ഒരിക്കൽ കാറ്റിക്കിസം ക്ലാസിൽ വെച്ച് പെസഹാ എന്ന് കേട്ടാൽ എന്താണ്



സന്തോഷ് സെബാസ്റ്റ്യൻ മറ്റത്തിൽ

ഓർമ്മവരുന്നത് എന്ന് മുന്നിൽ ഇരുന്ന കുട്ടിയോട് (അതും തിരുവനന്തപുരം സ്വദേശിയായ കുട്ടിയോട്) ചോദിച്ചത് ഓർക്കുന്നു. പാലട പായസത്തിനു ബ്രൗൺ നിറമായാൽ, ബോളിക്ക് (പലഹാരം) പകരം വാട്ടേപ്പം ആയാൽ പെസഹാ ആയി സാറേ... സത്യത്തിൽ 80'ൽ സന്താനമായ എനിക്കും അതുപോലൊരു ഓർമ്മയാണ് പെസഹാ.. എന്നെ വായിക്കുന്ന ചിലർക്കെങ്കിലും പെസഹാ എന്നത് നസ്രാണി കുടുംബങ്ങളിൽ വരുന്ന മനോരമ, ദീപിക പത്രങ്ങളിൽ അടിച്ചു വരുന്ന മാർപാപ്പയുടെ കാൽകഴുകൽ ചിത്രത്തിൽ ഒതുങ്ങുന്നു. ജീവിതത്തിൽ ഒരിക്കൽ എങ്കിലും നമ്മൾ നമ്മൾ സ്നേഹിക്കുന്നവരുടെ എങ്കിലും കാലുകൾ കഴുകണം, അന്നേദിനം ഉറ്റവരുടെ പാദങ്ങളിൽ വീഴുന്ന നമ്മുടെ കണ്ണുനീർ തുള്ളികളിൽ നിന്നും ഉയിർക്കേണ്ട പച്ചയായ ജീവിതത്തിലേക്കുള്ള കടന്നുപോകലാവണം പെസഹാ.

ചുരുക്കി വായിക്കുന്നവർക്കായി

യുദ്ധം കാരണം അടുക്കളയിൽ ഗ്യാസ് കത്തുന്നില്ല എന്ന് വേവലാതിപ്പെടുന്ന മലയാളി അമ്മമാർ, യുദ്ധം മൂലം ജീവിതത്തിന്റെ അർത്ഥാന്തരന്യാസങ്ങൾ പുക മൂടി പോയ വിശുദ്ധ നാട്ടിലെയും സമീപ പ്രദേശങ്ങളിലെയും ബാല്യങ്ങൾ, ദിവസങ്ങൾക്കപ്പുറം 'എല്ലാം ശരിയാവുമോ' എന്ന് കാത്തിരിക്കുന്ന രാഷ്ട്രീയക്കാർ - ഈ കെട്ടകാലവും കടന്നു പോവും എന്ന് അവർക്കു പറഞ്ഞു കൊടുക്കാൻ സാധിക്കുന്നിടത്താണ് പെസഹാ പൂർണ്ണമാവുന്നത്. ജീവിതത്തിന്റെ താളുകൾ മറിക്കപ്പെടുമ്പോൾ അത് ഒടുവിലത്തേത് ആണ് എന്ന ചിന്തയോടെ ചുറ്റിലുമുള്ള ലോകത്തിനു നന്മയുടെയും സ്നേഹത്തിന്റെയും ഓർമ്മകൾ അവശേഷിപ്പിക്കുവാൻ സാധിച്ചാൽ നിങ്ങളും ഞാനും ഒരു പെസഹായാവുകയാണ് ക്രിസ്തുവിനോളം ഉയരുന്ന പെസഹാ.

(ഖത്തറിൽ ഐ ടി പ്രൊഫഷണലും എഴുത്തുകാരനുമാണ് ലേഖകൻ)



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com